അതുപോലെ തന്നെ പി.എസ്.സി. മുഖേന നിയമിച്ചവരുടെയും വേതനകാര്യത്തിൽ വർദ്ധനവ് വരുത്തേണ്ടത് മന്ത്രിസഭയിൽ ആലോചിക്കേണ്ട കാര്യമാണ്. ഗവൺമെന്റിന് സാമ്പത്തികമായി ഒട്ടേറെ പരിമിതികളുണ്ട്. അതിനകത്തുനിന്ന് എന്തുചെയ്യാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ധനകാര്യ മന്ത്രിയോടും ആലോചിച്ചതിനുശേഷം ടേക്കപ്പ് ചെയ്യാം.

(ശ്രീ. എ. കെ. ബാലൻ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അദ്ദേഹം നോട്ടീസ് കൊടുത്തിരുന്ന ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല).

IV. സബ്മിഷൻ

(1) ആർ.സി. ബുക്കിനും ഡ്രൈവിംഗ് ലൈസൻസിനുംവേണ്ട ഇലക്ട്രോണിക് കാർഡുകൾ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് കാർഡ് രൂപത്തിലും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സ്മാർട്ട് ഓപ്ടിക്കൽ കാർഡ് രൂപത്തിലും നൽകുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ 10-2-2004-ൽ പുറപ്പെടുവിച്ച നിർദ്ദേശപ്രകാരമാണ് ഇത്തരത്തിൽ ഒരു തീരുമാനം എടുത്തതെന്ന് ഈ സഭയിൽ നൽകിയിട്ടുള്ള ഉത്തരത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആവശ്യമായ ടെൻഡർ വിളിച്ചതുമായി ബന്ധപ്പെട്ട് ചില സംസ്ഥാനങ്ങളിൽ ഗുരുതരമായിട്ടുള്ള ആക്ഷേപങ്ങൾ ഉയർന്നുവന്നതിന്റെ ഫലമായി ജാർഖണ്ഡ്, വെസ്റ്റ് ബംഗാൾ, മദ്ധ്യപ്രദേശ് ഈ സംസ്ഥാനങ്ങളിൽ സ്മാർട്ട് കാർഡ് പദ്ധതി പുനഃപരിശോധിക്കാൻ തിരുമാനിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ ഇത്തരത്തിൽ സ്മാർട്ട് കാർഡ് നൽകുന്ന നിർദ്ദേശത്തെയല്ല ഞാൻ എതിർക്കുന്നത്. മാറ്റത്തിന് അനുസരിച്ച് അത് ആവശ്യമായിട്ടുവരും. എന്നാൽ ഇതിൽ ഈ ഗവൺമെന്റ് ഡിസൈൻ ചെയ്ത നിർദ്ദേശപ്രകാരം 4 കെ.ബി മൈക്രോ ചിപ്പ് ഉപയോഗിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ സ്മാർട്ട് കാർഡ്/ഓപ്റ്റിക്കൽ കാർഡിന് 1.5 എം.ബി. അഡീഷണൽ കപ്പാസിറ്റിയുണ്ട്. യഥാർത്ഥത്തിൽ 1.5 എം.ബി. അഡീഷണൽ കപ്പാസിറ്റിയുള്ള ഒരു ചിപ്പ് ഇതിനാവശ്യമില്ല. അനാവശ്യമായിട്ടുള്ള, ഇത്തരത്തിൽ ചിലത് ചേർത്തതിന്റെ ഫലമായി ഈ ലൈസൻസ് എടുക്കുന്ന ആളുകൾക്ക് 50 രൂപയ്ക്ക് ഉണ്ടാക്കുന്ന കാർഡിന് 400-ഉം, 450-ഉം രൂപ കൊടുക്കേണ്ടിവരും. 300-ഉം 350-ഉം രൂപയാണ് അധികം വരുന്നത്. ഇതിന്റെ ഫലമായി വാഹനം രജിസ്റ്റർ ചെയ്യുന്ന ആളുകൾക്കും ലൈസൻസ് എടുക്കുന്ന ആളുകൾക്കും വലിയ നഷ്ടം വരികയും ഈ കമ്പനിക്ക് കോടിക്കണക്കിന് ഉറുപ്പിക ലഭിക്കുകയും ചെയ്യുന്ന വിധത്തിലാണ് ടെൻഡർ

LIBRARY ARCHIVES Kerala Legislative Assembly

നോട്ടിഫിക്കേഷൻ വന്നിരിക്കുന്നത്. ആയിരക്കണക്കിന് ഉറുപ്പികയുടെ പരിമാണമുള്ള കുംഭകോണത്തേക്കാൾ വലിയ ഒരു കുംഭകോണത്തിലേക്കാണ് ഇത് എത്താൻ പോകുന്നത്. ഇതിന്റെ എല്ലാ വശങ്ങളും നിയമസഭയ്ക്ക് അറിയാനുള്ള താൽപ്പര്യമുണ്ട്. ഇതുവരെ നടന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് ഈ സഭയിൽ വ്യക്തമാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): സ്മാർട്ട് കാർഡും സ്മാർട്ട് ഓപ്റ്റിക്കൽ കാർഡും നൽകണമെന്ന തീരുമാനം ഈ ഗവൺമെന്റിന്റെ കാലത്തോ മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തോ എടുത്തതല്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ഈ തീരുമാനമെടുത്തത്. അതനുസരിച്ച് സ്മാർട്ട് കാർഡിനും സ്മാർട്ട് ഓപ്റ്റിക്കൽ കാർഡിനും ടെണ്ടർ വിളിച്ചത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. ടെണ്ടർ നൽകി, ടെണ്ടർ സ്വീകരിച്ചു. അതിനുശേഷം ബഹുമാനപ്പെട്ട കോടിയേരി ഇവിടെ സൂചിപ്പിച്ചതുപോലെ കേന്ദ്ര ഗവൺമെന്റ് അതിലെ ചില കണ്ടീഷൻസിൽ മാറ്റംവരുത്തി. അത് നാല് കെ.ബി. ആക്കണമെന്ന് പറഞ്ഞു. ആ കണ്ടീഷൻ ഉൾപ്പെടുത്തിക്കൊണ്ടാണ് പിന്നീട് ടെണ്ടർ വിളിച്ചിരിക്കുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഡ്രൈവിംഗ് ലൈസൻസിന് സ്മാർട്ട് കാർഡും രജിസ്ട്രേഷൻ ബുക്കിന് ഓപ്റ്റിക്കൽ സ്മാർട്ട് കാർഡുമാണ് അന്നും നിശ്ചയിച്ച് ടെണ്ടർ വിളിച്ചത്. അന്ന് വിളിച്ച അതേ കണ്ടീഷനിൽ തന്നെയാണ് ഇപ്പോഴും ടെണ്ടർ വിളിച്ചിരിക്കുന്നത്. ഈ ഗവൺമെന്റ് അതിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. ഇപ്പോൾ ടെണ്ടർ കിട്ടിയിട്ടുണ്ട്. ടെണ്ടർ പരിശോധിക്കുന്നു. ബഹുമാനപ്പെട്ട കോടിയേരി പറഞ്ഞതുപോലെ വാഹന ഉടമകൾക്ക് അതിലൂടെ സാമ്പത്തിക നഷ്ടം വരുന്നുണ്ടോ എന്ന് പരിശോധിക്കാം. പരിശോധിച്ച് വേണ്ടത് ചെയ്യാം.

(2) മൽസ്യത്തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കേരളത്തിലെ മൽസ്യത്തൊഴിലാളികളുടെ ജീവനും തൊഴിലിനും സംരക്ഷണം ലഭിക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കണം. കേരളത്തിലെ മൽസ്യത്തൊഴിലാളികൾ കരാർ വ്യവസ്ഥയിലും അല്ലാതെയും ഒക്കെ തന്നെ നമ്മുടെ സംസ്ഥാനത്തും അന്യസംസ്ഥാനത്തും അന്യരാജ്യങ്ങളിലും പണിയെടുക്കുന്നുണ്ട്. ഈ മത്സ്യത്തൊഴിലാളികൾ പലപ്പോഴും മത്സ്യബന്ധന അതിർത്തി ലംഘിക്കുകയും അവർ പിടിക്കപ്പെടുകയും തടവറയിൽ കിടക്കേണ്ടിവരികയും അവിടെ അവർക്ക് പീഡനം സഹിക്കേണ്ടി വരികയും

LIBRARY ARCHIVES Kerala Legislative Assembly